**പതിമൂന്നാം കേരള നിയമസഭ**

**<u>പന്ത്രണ്ടാം സമ്മേളനം</u>**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2454** — **09.12.2014 - ൽ മറുപടിക്ക്**

## ഓരോ ജില്ലകൾക്കും അനുയോജ്യമായ വ്യവസായങ്ങൾ

<u>ചോദ്യം</u>

ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
ശ്രീ. സി. മോയിൻ കുട്ടി
ശ്രീ. പി.കെ. ബഷീർ
ശ്രീ. പി.ബി. അബ്ദുൾ റസാക്

**<u>മറുപടി</u>**

**ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി)**

| ചോദ്യം | മറുപടി |
|---|---|
| (എ) സംസ്ഥാനത്തെ ഓരോ ജില്ലകൾക്കും അനുയോജ്യമായ വ്യവസായങ്ങൾ കണ്ടെത്തുന്നത് സംബന്ധിച്ച എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ; | (എ) സംസ്ഥാനത്തെ ഓരോ ജില്ലയ്ക്കും അനുയോജ്യമായ വ്യവസായങ്ങൾ കണ്ടെത്തുന്നത് സംബന്ധിച്ച് എല്ലാ വർഷവും വകുപ്പ് തലത്തിൽ സാദ്ധ്യതാ പഠനം നടത്താറുണ്ട്. |
| (ബി) എങ്കിൽ വിശദാംശങ്ങൾ നൽകാമോ ; | (ബി) ഓരോ ജില്ലയിലെയും വ്യാവസായിക വിദഗ്ദ്ധർ, ബാങ്കുകൾ, വ്യവസായികൾ, മറ്റു വകുപ്പ് തലവൻമാർ എന്നിവരെ ഉൾപ്പെടുത്തി യോഗം ചേരുകയും പ്രസ്തുത യോഗത്തിൽ ഓരോ ജില്ലയ്ക്കും ഏതു വ്യവസായമാണ് അനുയോജ്യമെന്ന് കണ്ടെത്തുകയും ആയതിനു യോജിച്ച പദ്ധതിയുടെ രൂപരേഖ വ്യവസായികൾക്കായി സജ്ജമാക്കുകയും ചെയ്യുന്നുണ്ട്. |
| (സി) ഓരോ പ്രദേശങ്ങൾക്കും നിർദ്ദേശിച്ച വ്യവസായം തുടങ്ങുന്നവർക്ക് പ്രത്യേകമായി എന്തെങ്കിലും സഹായങ്ങൾ നൽകുന്നുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ? | (സി) ഇല്ല. എന്നാൽ സ്വയം സംരംഭകത്വ സഹായ പദ്ധതി പ്രകാരം താഴെ പറയുന്ന സഹായങ്ങൾ നൽകി വരുന്നു.<br>(1) പിന്നോക്ക ജില്ല (പത്തനംതിട്ട, ഇടുക്കി, വയനാട്, കാസർഗോഡ്)-യിലെ സംരംഭങ്ങൾ. ആകെ സ്ഥിരാസ്തികളുടെ 10% അധിക ധനസഹായം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സഹായമായി നൽകുന്നു.<br>(2) താഴെ പറയുന്ന വ്യവസായ മേഖലകളെ ഊന്നൽ വ്യവസായ മേഖലയായി കണക്കാക്കി ആകെ |

സ്ഥിരാസ്തികളുടെ 10% പരമാവധി 10 ലക്ഷം രൂപ നിക്ഷേപ സഹായമായി നൽകുന്നു.

1 .റബ്ബർ അധിഷ്ഠിത വ്യവസായം
2. ഇൻഫർമേഷൻ ടെക്നോളജി
3. കാർഷിക-ഭക്ഷ്യോൽപ്പന്ന വ്യവസായം
4. റെഡിമെയ്ഡ് ഗാർമെന്റ് വ്യവസായം
5. ആയുർവേദ മരുന്നു നിർമ്മാണം.
6. മൈനിങ്
7. സമുദ്രോൽപ്പന്നങ്ങൾ
8. ലഘു എഞ്ചിനിയറിംഗ്
9. ബയോ ടെക്നോളജി
10. 100% കയറ്റുമതി വ്യവസായങ്ങൾ (Export oriened)

സെക്ഷൻ ഓഫീസർ